(ബി) വികലാംഗ പെൻഷൻ 90 രൂപയിൽ നിന്നും 110 രൂപയായി ഉയർത്തിയിരുന്നു. വീണ്ടും വർദ്ധിപ്പിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(സി) ക്ലാസ് III,IV തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ 3 ശത മാനം വികലാംഗർക്ക് സംവരണം ചെയ്തുകൊണ്ടും പ്രസ്തുത തസ്തികക ളിൽ മൂന്നു വിഭാഗത്തിലുള്ള വികലാംഗർക്കും (അസ്ഥി സംബന്ധമായ വൈകല്യമുള്ളവർ, ബധിരർ-ബധിരമൂകർ, അന്ധർ) 1:1:1 എന്ന അനുപാതക്രമ ത്തിൽ തുല്യപ്രാധാന്യവും നൽകി നേരിട്ട് നിയമനം നടത്തുന്നതിന് ജില്ലാ കളക്ടർമാരെ ചുമതപ്പെടുത്തി 14-7-98-ലെ ജി.ഒ.(പി)20/98/പി.ആന്റ്.എ.ആർ. ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം നിയമനം നടത്തു മ്പോൾ അന്ധർക്ക് അനുയോജ്യമായ തസ്തികകളിൽ, അവർക്കായി നീക്കിവ ച്ചിട്ടുള്ള തസ്തികകളിൽ, തുല്യ അനുപാതക്രമത്തിൽ നിയമനം നൽകണ മെന്ന് ടി ഉത്തരത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. ടി. പദ്ധതി പ്രകാരമുള്ള നിയമന ങ്ങളുടെ സുഗമമായ നടത്തിപ്പിന് ഓരോ വകുപ്പിലും ഉണ്ടാകുന്ന ഒഴിവുക ളുടെ വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ ആവശ്യപ്പെടുമ്പോൾ ഉടനടി റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് ബന്ധപ്പെട്ട എല്ലാ നിയമന അധികാരികളേയും ഓർമ്മപ്പെടുത്തിയിട്ടുമുണ്ട്. ഈ പദ്ധതി അനുസരിച്ച് നേരിട്ട് നിയമനം നട ത്തുന്ന കാര്യത്തിൽ അടിയന്തിര നടപടി എടുക്കണമെന്നും നിയമനം നടത്തി യതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭ്യമാക്കണമെന്നും ജില്ലാ കള ക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

20 (2320) വിമുക്തഭടന്മാർക്ക് ആനുകൂല്യങ്ങൾ

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമുക്ത ഭടന്മാർക്ക് ജോലി സംവരണം ഏർപ്പെടുത്തുക, പോലീസ്, ഫോറസ്റ്റ് ഗാർഡ്, എക്സൈസ് ഗാർഡ്, ഫയർ ഫോഴ്സ് തുട ങ്ങിയ വിഭാഗത്തിൽ വിമുക്തഭടന്മാരെ കൂടുതലായി നിയമിക്കുക, രണ്ടാം ലോകമഹാ യുദ്ധത്തിൽ പങ്കെടുത്തവർക്കുള്ള സഹായം വർദ്ധിപ്പിക്കുക, രാജ്യ സൈനിക ബോർഡ് പുനഃസംഘടിപ്പിക്കുക, വീട്ടുകരം, തൊഴിൽകരം തുടങ്ങിയവയിൽനിന്നും വിമുക്ത ഭടന്മാരേയും ആശ്രിതരേയും വിധവക ളേയും ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യങ്ങൾ അനുകൂലമായി പരിഗണിക്കാനും വിമുക്ത ഭട ന്മാർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സൈസ് ഗാർഡ് തസ്തികയിൽ വിമുക്ത ഭടന്മാർക്ക് ജോലി സംവരണം ഏർപ്പെടുത്തുന്നത് ഒഴികെ മറ്റെല്ലാ ആവശ്യങ്ങളും സർക്കാർ പരിശോധിച്ചിട്ടുണ്ട്.

(ബി) വിമുക്തഭടന്മാരുടെ വിവിധ ആവശ്യങ്ങൾ പരിശോധിക്കുകയും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാൻ സർക്കാർ നടപടികൾ സ്വീകരിക്കു കയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly